ഉത്തരക്കടലാസുകൾ വരുത്തി പരിശോധിക്കുകയും സ്കൂൾ അധികൃതരെ വിളിച്ചുവരുത്തി സത്യാവസ്ഥ ആരായുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ വ്യക്തമായ പ്രത്യേക തെളിവുകൾ ലഭിക്കാത്തതിനാൽ തടഞ്ഞുവച്ച വിദ്യാർത്ഥികളുടെ ഫലങ്ങൾ പ്രസിദ്ധീകരിക്കുകയുണ്ടായി.

53 (1597) എസ്.എസ്.എൽ.സി. ബുക്കിന്റെ ഡ്യൂപ്ലിക്കേറ്റ് ലഭിക്കുന്നതിനുള്ള കാലതാമസം

ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി. ബുക്കിന്റെ ഡ്യൂപ്ലിക്കേറ്റിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളതും 20.6.99 വരെ ഡ്യൂപ്ലിക്കേറ്റ് ബുക്ക് നൽകാൻ കഴിയാത്തതുമായ എത്ര കേസുകൾ പരീക്ഷാ കമ്മീഷണർ ഓഫീസിൽ നിലവിലുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഒരു വർഷത്തിലധികം കാലതാമസമുണ്ടായിട്ടുള്ള ഫയലുകൾ എത്ര; അതിനുള്ള കാരണങ്ങൾ എന്തെല്ലാമാണ്;

(സി) എസ്.എസ്.എൽ.സി. ഡ്യൂപ്ലിക്കേറ്റ് ബുക്കുകൾ ലഭിക്കുന്നതിന്റെ കാലതാമസം ഒഴിവാക്കാൻ എന്ത് നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 14471 കേസുകൾ.

(ബി) 10316. അപേക്ഷകളുടെ ക്രമാതീതമായ പെരുപ്പം, ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കാനുള്ള കാലതാമസം, പഴയ റിക്കാർഡുകൾ കിട്ടാനുള്ള കാലതാമസം, സെക്ഷൻ കൈകാര്യം ചെയ്യുന്ന ജീവനക്കാരുടെ കുറവ് തുടങ്ങിയവയാണ് ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് യഥാസമയം നൽകാൻ കഴിയാത്തതിനുള്ള കാരണങ്ങൾ.

(സി) മറ്റു പരീക്ഷാ ഡ്യൂട്ടികൾ ഇല്ലാത്ത സമയങ്ങളിൽ ഇൻസെന്റീവ് ഏർപ്പെടുത്തിയും താൽക്കാലിക ജീവനക്കാരുടെ സേവനങ്ങൾകൂടി ലഭ്യമാക്കിയും ഡ്യൂപ്ലിക്കേറ്റ് എസ്.എസ്.എൽ.സി. ബുക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

54 (1598) 1999 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷയിൽ റാങ്ക് നിശ്ചയിച്ചതിലെ അപാകതകൾ

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷയിലെ റാങ്ക് നിശ്ചയിച്ചതിൽ അപാകതകളുണ്ടായിട്ടുണ്ടോ; എത്ര പരാതികൾ ഇത് സംബന്ധിച്ച് ലഭിച്ചിട്ടുണ്ട്;

(ബി) വീണ്ടും മൂല്യനിർണ്ണയം നടത്തുമ്പോൾ ഗുരുതരമായ വീഴ്ച ഉണ്ടായതായി തെളിഞ്ഞാൽ ബന്ധപ്പെട്ടവർക്ക് എതിരെ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly